എ.വൈ.ആർ

# സൂറ – 30 / അർറൂം

## സൂക്തം: 27 – 29

ഉടമസ്ഥതയും അധികാരവും അല്ലാഹുവിന്റെ ഗുണങ്ങളാകുന്നു. ഈ ഗുണങ്ങൾ സൃഷ്ടികൾക്കുമുണ്ട്. അല്ലാഹുവിന്റെ ഗുണങ്ങളാകുമ്പോൾ അവ നിരുപാധികവും അപരിമേയവുമാകുന്നു. ഇതേ ഗുണങ്ങൾ സൃഷ്ടികളുടേതാകുമ്പോൾ പരിമിതവും സോപാധികവുമാണ്. ഒരു സൃഷ്ടിക്കും ഒരു വസ്തുവിലും ശാശ്വതവും നിരുപാധികവുമായ ഉടമസ്ഥതയും അധികാരവുമില്ല.



وَهُوَ الَّذِي يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَهُوَ أَهْوَنُ عَلَيْهِ ۚ وَلَهُ الْمَثَلُ الْأَعْلَىٰ فِي السَّمَاوَاتِ وَالْأَرْضِ ۚ وَهُوَ الْعَزِيزُ الْحَكِيمُ ﴿٢٧﴾

27. അവനാകുന്നു സൃഷ്ടി ആരംഭിക്കുന്നത്. പിന്നെ അവൻ തന്നെ അതാവർത്തിക്കുന്നു. ആവർത്തനം അവന് ഏറെ എളുപ്പമാകുന്നു. വാനലോകത്തും ഭൂലോകത്തും അത്യുന്നത ഗുണങ്ങളൊക്കെയും അവനു മാത്രമുള്ളതാകുന്നു. അവൻ അജയ്യനും അഭിജ്ഞനുമല്ലോ.

**27**

وَهُوَ الَّذِي يَبْدَأُ الْخَلْقَ = അവനാകുന്നു സൃഷ്ടി ആരംഭിക്കുന്നത്

ثُمَّ يُعِيدُهُ = പിന്നെ അവൻ (തന്നെ) അതാവർത്തിക്കുന്നു وَهُوَ أَهْوَنُ عَلَيْهِ = അത്(ആവർത്തനം) അവന് ഏറെ എളുപ്പമാകുന്നു

وَلَهُ الْمَثَلُ الْأَعْلَىٰ = അത്യുന്നത ഗുണങ്ങളൊക്കെയും അവനു മാത്രമുള്ളതാകുന്നു

فِي السَّمَاوَاتِ وَالْأَرْضِ = വാനലോകത്തും ഭൂലോകത്തും

وَهُوَ الْعَزِيزُ الْحَكِيمُ = അവൻ അഭിജ്ഞനായ അജയ്യനാകുന്നു (അജയ്യനും അഭിജ്ഞനുമല്ലോ)

മുൻ സൂക്തത്തിൽ 'അപ്പോൾ നിങ്ങൾ പുറപ്പെട്ടുവരും' -إِذَا أَنتُمْ تَخْرُجُونَ- എന്നു പറഞ്ഞതിനുള്ള തെളിവും തുടർന്ന് പറയാൻ പോകുന്ന തൗഹീദിലേക്കുള്ള മുഖവുരയുമാണീ സൂക്തം. അല്ലാഹു ആദ്യം സൃഷ്ടിക്കുകയും പിന്നെ അതിനെ ആവർത്തിക്കുകയും ചെയ്യുന്ന കാര്യം നേരത്തേ 11-ാം സൂക്തത്തിൽ പ്രസ്താവിച്ചിരിക്കുന്നു. 10:4, 24, 21:104, 27:64, 29:19 സൂക്തങ്ങളിലും ഈ വിഷയം പരാമർശിച്ചിരിക്കുന്നു. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണാം. നേരത്തേ പറഞ്ഞതിന്റെ കേവലം ആവർത്തനമായിട്ടല്ല ഇതിവിടെ പറയുന്നത്. മറിച്ച് പുനഃസൃഷ്ടി പ്രാരംഭ സൃഷ്ടിയെ അപേക്ഷിച്ച് ഏറെ എളുപ്പമാണെന്ന് -وَهُوَ أَهْوَنُ عَلَيْهِ- വ്യക്തമാക്കാനാണ്. ഒരു വസ്തു ആദ്യം നിർമിക്കുന്നതിനേക്കാൾ എളുപ്പമാണ് അത് വീണ്ടും നിർമിക്കുക എന്ന കാര്യത്തിൽ തർക്കമില്ലല്ലോ. ഈ സത്യം സമ്മതിക്കുന്നുവെങ്കിൽ നിങ്ങളെ ആദ്യം സൃഷ്ടിച്ച അല്ലാഹുവിന് നിങ്ങളെ പുനഃസൃഷ്ടിക്കുക അസാധ്യമാണെന്ന് വാദിക്കുന്നതിനെന്താണർഥം?

ഉദാഹരണം, ഉപമ, സാദൃശ്യം, സാമ്യം, തുല്യം, പോലെ തുടങ്ങിയ ആശയങ്ങളെ കുറിക്കുന്ന പദങ്ങളാണ് مَثَل -ഉം مِثْل -ഉം مِثَال -ഉം. امتثال ആകുമ്പോൾ അനുസരണവും നടപ്പിലാക്കലുമാകുന്നു. تِمْثَال പ്രതിമ. ضرب المثل ഉദാഹരണം പറയലാണ്. മറ്റൊന്നിനോട് സാദൃശ്യമുള്ള വസ്തു അതിന്റെ مثيل ആകുന്നു. പ്രത്യക്ഷപ്പെട്ടു എന്ന അർഥത്തിൽ مثل എന്നു പറയും. ഈ അർഥങ്ങളിലൊന്നും ഗുണം, കഴിവ്, ശക്തി തുടങ്ങിയ ആശയങ്ങൾ ഉൾപ്പെടുന്നില്ല. എങ്കിലും ഉപമാനത്തിന്റെ ഗുണങ്ങൾ ഭാഗികമായോ പൂർണമായോ ഉപമേയ

ത്തിൽ കണ്ടെത്തുന്നതിൽനിന്നാണ് ഉപമകളും ഉദാഹരണ ങ്ങളുമുണ്ടാകുന്നത്. ഈയടിസ്ഥാനത്തിലാവാം ഖുർആൻ ഇവിടെ ഈ പദം ഉപയോഗിച്ചിരിക്കുന്നത് ഗുണം, യോ ഗ്യത, ശക്തി പോലുള്ള ആശയങ്ങളിലാണ്. وَلِلَّهِ الْمَثَلُ الْأَعْلَىٰ എന്നാൽ അത്യുന്നത ഗുണങ്ങളൊക്കെയും അല്ലാഹുവിനു മാത്രമുള്ളതാകുന്നു. അതായത്, അല്ലാഹുവിനെ കേൾക്കു ന്നവൻ, കാണുന്നവൻ എന്നൊക്കെ വിശേഷിപ്പിക്കുമ്പോൾ നമുക്ക് പരിചിതമായ പരിമിതവും ആപേക്ഷികവുമായ കേൾ വിയായി അതിനെ മനസ്സിലാക്കരുത്. കണ്ണെത്തും ദൂരത്തുള്ള തേ നമ്മൾ കാണുന്നുള്ളൂ. കാതുകളിലെത്തുന്ന ശബ്ദം മാത്രമേ കേൾക്കുന്നുള്ളൂ. അല്ലാഹുവിന് ഈ പരിമിതിയില്ല. അവൻ എല്ലാ പരിമിതികൾക്കുമതീതനായി ഏറ്റം സമ്പൂർ ണമായും തീക്ഷ്ണമായും കേൾക്കുകയും കാണുകയും ചെയ്യുന്നു - وَهُوَ السميع البصير. ഖുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തിക്കൊണ്ട് പറയുന്ന ജ്ഞാന വചനങ്ങളുടെ അന്തരാർഥങ്ങളിലേക്കിറങ്ങി ചെല്ലാൻ മനുഷ്യർക്ക് കഴി യില്ലെന്ന് ഇമാം ഗസാലി ഇഹ്‌യാ ഉലൂമിദ്ദീനിൽ പറയുന്നു ണ്ട്. സൂര്യപ്രകാശത്തിന്റെ പ്രഭവകേന്ദ്രത്തിലേക്ക് ഇറങ്ങി ച്ചെല്ലാൻ കഴിയാത്തതുപോലെയാണത്. എങ്കിലും കണ്ണ് സജീവമാകാൻ വേണ്ട വെളിച്ചം സ്വീകരിക്കാൻ മനുഷ്യർക്ക് കഴിയും. അതുല്യനും അഗോചരനും പ്രകൃത്യാതീതനുമാ യ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന വാക്കുകളെല്ലാം മനുഷ്യന്റെ ഗ്രാഹ്യതയിലേക്ക് അവനെ അടുപ്പിക്കാനുള്ള ഉപാധികളാണ്. ليس كمثله شيئ (അവനെപ്പോലെ യാതൊന്നുമില്ല) എന്ന സത്യത്തിൽനിന്നുകൊണ്ട് മാത്രമേ അല്ലാഹുവിന്റെ ഗുണങ്ങളെ മനസ്സിലാക്കാവൂ. ഇമാം ഗസാലി ഇതേക്കുറിച്ച് പറയുന്നു: 'മൃഗങ്ങളെ മുന്നോട്ടും പിന്നോട്ടും നടത്താനും ഇടത്തോട്ടും വലത്തോട്ടും തിരിക്കാനും, നല്ല ഭാഷാ പരിജ്ഞാനമുള്ള ആളുകളും, ചൂളയിടുകയും ഹഹ, ഹുഹും തുടങ്ങിയ ശബ്ദങ്ങളുണ്ടാക്കുകയും ചെയ്യുന്നു. മൃഗങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളോടു സാദൃശ്യ മുള്ളതാണീ ശബ്ദങ്ങൾ. ഉടമ ഉദ്ദേശിക്കുന്നതെന്തെന്ന് കുറച്ചൊക്കെ-പൂർണമായിട്ടോ തീക്ഷ്ണമായിട്ടോ അല്ല- അതിൽനിന്ന് ഗ്രഹിക്കാനും അനുസരിക്കാനും അവക്ക് കഴിയുന്നു. ഇതുപോലെ നമ്മുടെ പരിമിതവും ആപേക്ഷി കവുമായ ഭാഷയിൽ അവന്റെ ഗുണങ്ങൾ നമ്മുടെ ഗ്രാഹ്യ തയോടടുപ്പിക്കുകയാണ് ഖുർആൻ.'

സകല സൽഗുണങ്ങളും സമ്പൂർണമായി സമ്മേളിച്ച ഏക അസ്തിത്വമായ അവന്റെ അജയ്യൻ, അഭിജ്ഞൻ എന്നീ രണ്ട് ഗുണങ്ങൾ എടുത്തു പറഞ്ഞിരിക്കുന്നു. അവനെ അ തിജയിക്കാനാരുമില്ല. അവന്റെ യുക്തിയിലും ജ്ഞാനത്തിലും ഇടപെടാൻ കഴിയുന്നവരും ആരുമില്ല. പ്രപഞ്ചത്തിൽ ദൈ വത്തിന്റെ ഗുണങ്ങൾക്ക് തുല്യമായ ഗുണങ്ങളുള്ള യാതൊ രു അസ്തിത്വവുമില്ല എന്നു പറയുന്നതിന്റെ അനിവാര്യ താൽപര്യമാണ് ദൈവത്തിനു തുല്യമായ അവകാശങ്ങളും അർഹതകളുമുള്ളവരും ആരുമില്ല എന്നത്. ●

ضَرَبَ لَكُم مَّثَلًا مِّنْ أَنفُسِكُمْ ۖ هَل لَّكُم مِّن مَّا مَلَكَتْ أَيْمَانُكُم مِّن شُرَكَاءَ فِي مَا رَزَقْنَاكُمْ فَأَنتُمْ فِيهِ سَوَاءٌ تَخَافُونَهُمْ كَخِيفَتِكُمْ أَنفُسَكُمْ ۚ كَذَٰلِكَ نُفَصِّلُ الْآيَاتِ لِقَوْمٍ يَعْقِلُونَ ﴿٢٨﴾

28. അല്ലാഹു നിങ്ങളിൽനിന്നുതന്നെ ഒരുദാഹരണം പറഞ്ഞുതരുന്നു. നാം നിങ്ങൾക്ക് നൽകിയ വിഭവങ്ങളിൽ തുല്യ പങ്കാളികളായ വല്ല അടിമകളും നിങ്ങൾക്കുണ്ടോ, നിങ്ങളെത്തന്നെ ഭയപ്പെടുന്നതുപോലെ അവരെയും ഭയപ്പെടുന്ന വിധത്തിൽ? ബുദ്ധി ഉപയോഗപ്പെടുത്തുന്നവർക്കു വേണ്ടി തെളിവുകളും ന്യായങ്ങളും നാം ഇവ്വിധം വിശദീകരിച്ചുതരുന്നു.

**28**

ضَرَبَ لَكُم مَّثَلًا = അവൻ (അല്ലാഹു) നിങ്ങൾക്കുവേണ്ടി ഉദാഹരിച്ചു (ഉദാഹരണം പറഞ്ഞുതരുന്നു)

مِّنْ أَنفُسِكُمْ = നിങ്ങളിൽനിന്നുതന്നെ هَل لَّكُم = നിങ്ങൾക്ക് ഉണ്ടോ?

مِّن مَّا مَلَكَتْ أَيْمَانُكُم = നിങ്ങളുടെ വലംകൈകൾ ഉടമപ്പെടുത്തിയവരിൽനിന്ന് (വല്ല അടിമകളും)

مِّن شُرَكَاءَ = പങ്കാളിക(ൾ)ളാൽ (ളായ) فِي مَا رَزَقْنَاكُمْ = നാം നിങ്ങൾക്കു നൽകിയ വിഭവങ്ങളിൽ

فَأَنتُمْ فِيهِ سَوَاءٌ = അങ്ങനെ നിങ്ങൾ അതിൽ തുല്യമാകുന്ന (തുല്യ)

تَخَافُونَهُمْ = നിങ്ങൾ അവരെ ഭയപ്പെടുന്നു (അവരെയും ഭയപ്പെടുന്ന വിധത്തിൽ)

كَخِيفَتِكُمْ أَنفُسَكُمْ = നിങ്ങളോടുള്ള നിങ്ങളുടെ ഭയംപോലെ (നിങ്ങളെത്തന്നെ ഭയപ്പെടുന്നതുപോലെ)

كَذَٰلِكَ = ഈ വിധം نُفَصِّلُ الْآيَاتِ = ദൃഷ്ടാന്തങ്ങൾ (തെളിവുകളും ന്യായങ്ങളും) നാം വിശദീകരിച്ചുതരുന്നു

لِقَوْمٍ يَعْقِلُونَ = ബുദ്ധി ഉപയോഗിക്കുന്ന ജനത്തിനുവേണ്ടി

അത്യുന്നത ഗുണങ്ങളൊക്കെയും അല്ലാഹുവിന് മാത്രമുള്ളതാണെന്ന് കഴിഞ്ഞ സൂക്തത്തിൽ പ്രസ്താവിച്ചുവല്ലോ. അവനല്ലാത്തവർക്കുള്ള ആ ഗുണങ്ങൾ അവന്റെ ഗുണങ്ങൾക്കു താഴെയും അവനു വിധേയമായി

ട്ടുള്ളതുമായിരിക്കുക അതിന്റെ അനിവാര്യതയാകുന്നു. ഓരോ സൃഷ്ടിക്കും അതിന്റേതായ ഗുണങ്ങളുണ്ട്. ഈ ഗുണങ്ങളെല്ലാം അല്ലാഹു നൽകിയതും അവന്റെ ഗുണങ്ങളെ അപേക്ഷിച്ച് ഏറെ പരിമിതവുമാകുന്നു. എങ്കിലും സൃഷ്ടികളുടെ പരിമിതമായ ഗുണങ്ങളെക്കുറിച്ച് ആഴത്തിൽ ആലോചിച്ചാൽ അല്ലാഹുവിന്റെ ഏകത്വത്തെയും അപരിമേയമായ ഗുണങ്ങളെയും അറിയാൻ കഴിയും. അതിനു മനുഷ്യരുടെ സാധാരണ ജീവിതവുമായി ബന്ധപ്പെട്ട ഒരു ഉദാഹരണം പറയുകയാണിവിടെ. ഈ ഉദാഹരണത്തിന്റെ അർഥം എളുപ്പത്തിൽ മനസ്സിലാക്കുന്നതിന് ദൈവത്തെക്കുറിച്ച് അറബികൾ പുലർത്തിയിരുന്ന സങ്കൽപം ഓർക്കുന്നത് നന്നായിരിക്കും. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനും അല്ലാഹുവാണെന്നും അവൻ ഏകനാണെന്നും അറബികൾ സമ്മതിച്ചിരുന്നു. അതോടൊപ്പം മനുഷ്യരുടെ ഭാഗധേയം നിശ്ചയിക്കാനും അവരുടെ ആഗ്രഹങ്ങൾ നിവർത്തിച്ചുകൊടുക്കാനും ആപത്തുകളിൽനിന്ന് രക്ഷിക്കാനുമൊക്കെയുള്ള കഴിവും അധികാരവും തങ്ങൾ ആരാധിക്കുന്ന ദൈവങ്ങൾക്കുണ്ടെന്നും അവർ കരുതി.

ഉടമസ്ഥതയും അധികാരവും അല്ലാഹുവിന്റെ ഗുണങ്ങളാകുന്നു. ഈ ഗുണങ്ങൾ സൃഷ്ടികൾക്കുമുണ്ട്. അല്ലാഹുവിന്റെ ഗുണങ്ങളാകുമ്പോൾ അവ നിരുപാധികവും അപരിമേയവുമാകുന്നു. ഇതേ ഗുണങ്ങൾ സൃഷ്ടികളുടേതാകുമ്പോൾ പരിമിതവും സോപാധികവുമാണ്. ഒരു സൃഷ്ടിക്കും ഒരു വസ്തുവിലും ശാശ്വതവും നിരുപാധികവുമായ ഉടമസ്ഥതയും അധികാരവുമില്ല. ഏറിവന്നാൽ താൻ മരിക്കുന്നതുവരെയേ ഒരാളുടെ ഉടമസ്ഥതയും അധികാരവും നിലനിൽക്കൂ. ഈ ക്ഷണികവും പരിമിതവുമായ ഉടമസ്ഥതപോലും സാധാരണ ഗതിയിൽ ആരും പങ്കുവെക്കാൻ ഇഷ്ടപ്പെടുകയില്ല. പങ്കുവെക്കുന്നുവെങ്കിൽ അതു സ്വയം വഹിക്കാൻ കഴിവില്ലാത്തതുകൊണ്ടായിരിക്കും. പങ്കാളിയായി തെരഞ്ഞെടുക്കുക തന്നേക്കാൾ കഴിവുള്ളവരെയായിരിക്കും. തന്റെ അടിമകളെയോ കീഴാളരെയോ ഒരിക്കലും തെരഞ്ഞെടുക്കുകയില്ല.

ഈ സാമാന്യ സത്യം മുമ്പിൽ വെച്ചുകൊണ്ട് അല്ലാഹു പറയുകയാണ്: നിങ്ങളുടെ ബഹുദൈവ വിശ്വാസത്തിനെതിരായ തെളിവ് പുറത്തെങ്ങും തേടേണ്ടതില്ല. അത് നിങ്ങളുടെ ജീവിതത്തിൽ തന്നെയുണ്ട്. ഉദാഹരണമായി സ്വന്തം ഉടമസ്ഥതയോടും അധികാരങ്ങളോടുമുള്ള നിങ്ങളുടെ സമീപനം നോക്കുക. നിങ്ങളുടേത് എന്ന് പറയുന്നതെല്ലാം അല്ലാഹു നൽകിയതാണ്. അതുകൊണ്ടുതന്നെ അവയിലുള്ള നിങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും ക്ഷണികവും പരിമിതവുമാണ്. എന്നാൽ നിങ്ങൾക്കു കുറേ അടിമകളുണ്ടെങ്കിൽ സ്വന്തം വിഭവങ്ങളും കഴിവുകളുമെല്ലാം അവർക്കു പങ്കുവെക്കുമോ? നിങ്ങളിരുവർക്കും തുല്യമായിട്ട്? സ്വയം കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന കരുതലും സൂക്ഷ്മതയും അവരുടെ കാര്യത്തിലും ഉണ്ടാകുമോ? تَخَافُونَهُمْ كَخِيفَتِكُمْ أَنفُسَكُمْ എന്ന വാക്യത്തിന് രണ്ടു തരത്തിൽ അർഥം കൽപിക്കപ്പെട്ടിരിക്കുന്നു. خوف മൗലികമായി ഭയമാണ്. കരുതൽ, സൂക്ഷ്മത തുടങ്ങിയ ആശയങ്ങൾക്കും പ്രയോഗിക്കാറുണ്ട്. ആദ്യത്തെ അർഥത്തിലെടുക്കുമ്പോൾ നിങ്ങളുടെ സ്വത്ത് സ്വതന്ത്രരായ ആളുകൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുമ്പോൾ നിങ്ങൾക്കു നഷ്ടഭയമുണ്ടാകുമല്ലോ. അതുപോലെ നഷ്ടം ഭയപ്പെടാവുന്ന വിധത്തിൽ അടിമകൾക്ക് സ്വതന്ത്രമായ കൈകാര്യാധികാരം നൽകുമോ എന്നാണാശയം. രണ്ടാമത്തെ അർഥത്തിലെടുക്കുമ്പോൾ താൽപര്യം നിങ്ങളിലും നിങ്ങളുടെ ഉറ്റവരിലും നിങ്ങൾക്കുള്ള പരിഗണനയും സൂക്ഷ്മതയും ഈ അടിമകളുടെ കാര്യത്തിൽ നിങ്ങൾക്കുണ്ടാകുമോ എന്നും. വിഭവങ്ങളിലുള്ള ഉടമസ്ഥതയും അധികാരവും തനിക്കു തുല്യമായി അടിമകൾക്കു പങ്കുവെക്കാൻ മനുഷ്യൻ തയാറാവുകയില്ല എന്നാണ് രണ്ടു വ്യാഖ്യാനങ്ങളുടെയും സാരം. അല്ലാഹുവാണ് സർവചരാചരങ്ങളുടെയും സ്രഷ്ടാവും ഉടമയും പരിപാലകനുമെങ്കിൽ, പ്രപഞ്ചത്തിലുള്ള സകല വസ്തുക്കളും അവന്റെ സൃഷ്ടികളും അടിമകളും ആജ്ഞാനുവർത്തികളുമാണെങ്കിൽ, അവൻ തന്റെ അടിമകളിൽ ചിലരെ തന്റെ അധികാരങ്ങളിലും കഴിവുകളിലും തുല്യപങ്കാളികളാക്കിയിരിക്കുന്നു എന്നു വാദിക്കുന്നതിൽ എന്തു ന്യായമാണുള്ളത്? അല്ലാഹു നിങ്ങൾക്കു നൽകിയ പരിമിതമായ വിഭവങ്ങളും അധികാരങ്ങളും സ്വന്തം അടിമകൾക്കും പങ്കുവെക്കാൻ ഇഷ്ടപ്പെടാത്ത നിങ്ങൾ അല്ലാഹു അവന്റെ അപരിമേയവും നിരുപാധികവുമായ അധികാരാവകാശങ്ങൾ അവന്റെ അടിമകൾക്കു തുല്യമായി പങ്കുവെക്കുന്നുവെന്നു കരുതുന്നതിലെ യുക്തിയെന്താണ്? അറബികളുടെ പൊതുമനസ്സ് ശിർക്കിനെ നിരാകരിക്കുന്നുവെന്നാണിത് വ്യക്തമാക്കുന്നത്. ഇതുപോലെ പെൺകുട്ടികളോടുള്ള അവരുടെ പൊതുമനോഭാവം ചൂണ്ടിക്കാണിച്ചുകൊണ്ടും ശിർക്കിനെ നിരാകരിക്കുന്നുണ്ട് (17:40, 16:58, 53:21). മലക്കുകളൊക്കെ അല്ലാഹുവിന്റെ പെൺമക്കളാണെന്നാണ് വിശ്വാസം. എന്നാലോ തനിക്കൊരു പെൺകുഞ്ഞ് ജനിച്ചാൽ അങ്ങേയറ്റം അപമാനിതനാകുന്ന അറബി ആ കുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടാൻ വരെ തയാറായിരുന്നു.

ഈവിധം, ഗഹനതയോ സങ്കീർണതയോ ഇല്ലാത്ത ലളിതവും സരളവുമായ ന്യായങ്ങളും തെളിവുകളുമാണ് ഖുർആൻ അനുവാചകർക്കുമുന്നിൽ നിരത്തുന്നത്, അതു ഗ്രഹിക്കാൻ സാമാന്യ ബുദ്ധി ഉപയോഗിക്കുകയേ വേണ്ടൂ. എന്നാൽ ബുദ്ധിയെ പൂട്ടിയിട്ട് ജഢികാസക്തികളുടെയും മുൻധാരണകളുടെയും പാരമ്പര്യങ്ങളുടെയും പിമ്പേ അന്ധമായി ഗമിക്കുന്നവർക്ക് ഇതൊന്നും ഒട്ടും പ്രയോജനപ്പെടുകയില്ല. ഇതാണ് كَذَٰلِكَ.... يَعْقِلُونَ എന്ന പിൻവാക്യത്തിന്റെ താൽപര്യം. ●

---

بَلِ اتَّبَعَ الَّذِينَ ظَلَمُوا أَهْوَاءَهُم بِغَيْرِ عِلْمٍ ۖ فَمَن يَهْدِي مَنْ أَضَلَّ اللَّهُ ۖ وَمَا لَهُم مِّن نَّاصِرِينَ ﴿٢٩﴾

29. പക്ഷേ അധർമചാരികൾ ജ്ഞാനമില്ലാതെ തങ്ങളുടെ ജഢികമോഹങ്ങളെ മാത്രം പിൻപറ്റുകയാകുന്നു. അല്ലാഹു വഴിപിഴപ്പിച്ചവരെ ആർക്ക് നേർവഴിക്കാക്കാനാകും? അത്തരക്കാരെ സഹായിക്കാനും ആരുമേയില്ല.

**29**

بَلِ = പക്ഷേ اتَّبَعَ = പിൻപറ്റി (പറ്റുകയാകുന്ന) الَّذِينَ ظَلَمُوا = അക്രമം ചെയ്തവർ (അധർമചാരികൾ)
أَهْوَاءَهُم = അവരുടെ ജഡികമോഹങ്ങളെ بِغَيْرِ عِلْمٍ = ജ്ഞാനം (ഏതും) ഇല്ലാതെ
فَمَن يَهْدِي = ആരു മാർഗദർശനം ചെയ്യും (ആർക്ക് നേർവഴിക്ക് നയിക്കാനാകും)
مَنْ أَضَلَّ اللَّهُ = അല്ലാഹു വഴിതെറ്റിച്ചവരെ
وَمَا لَهُم مِّن نَّاصِرِينَ = അവർക്ക് സഹായികളിൽനിന്ന് ഇല്ല (അത്തരക്കാരെ സഹായിക്കാനും ആരുമേയില്ല)

ഈ തെളിവുകളും ന്യായവാദങ്ങളുമെല്ലാം അവഗണിച്ചു തള്ളിക്കൊണ്ട് അധർമമാചരിക്കുന്നവർ യാതൊരു ജ്ഞാനത്തിന്റെയും പിൻബലമില്ലാതെ സ്വന്തം ആസക്തികളെ മാത്രം പിൻപറ്റുകയാണ്. നീതിക്കും ധർമത്തിനും നിരക്കാത്തതെല്ലാം ظلم ആണ്. ഏറ്റവും കൊടിയ ظلم വ്യാജദൈവങ്ങളിൽ വിശ്വാസമർപ്പിച്ച് അല്ലാഹുവിനു മാത്രമുള്ള ഗുണങ്ങൾ അവയിൽ ചാർത്തി അല്ലാഹുവിനെ നിന്ദിക്കൽ -شرك- ആണ്. إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ -തീർച്ചയായും ബഹുദൈവാരാധന കൊടിയ അധർമമാകുന്നു (31:13). ഇതാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ള ظلم. അതുപോലെ ഇവിടെ ആത്മീയവും വൈദികവുമായ ജ്ഞാനമാണ് علم കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. അതായത് വൈദിക പ്രമാണങ്ങളുടെ പിൻബലമുള്ള ആത്മീയ ജ്ഞാനമില്ലാതെ സ്വാർഥ ചിന്തകളെയും പരമ്പരാഗതമായ അനാചാരങ്ങളെയും പിന്തുടരുക. അത്തരം ആളുകൾ അല്ലാഹുവിന്റെ പ്രകൃതിനിയമമനുസരിച്ച് വഴിതെറ്റിയവരാണ്. പടിഞ്ഞാറേ ദിശയിലേക്കു സഞ്ചരിക്കുന്നവർ പശ്ചിമ ദേശങ്ങളിലെത്തും. ഇതാണ് അല്ലാഹു നിശ്ചയിച്ച പ്രകൃതിനിയമം. ഈ നിയമമനുസരിച്ച് പൂർവദേശത്തെത്താൻ പടിഞ്ഞാറോട്ട് സഞ്ചരിക്കുന്നവർ പൂർവദേശത്തിലെത്തുകയില്ല. നേരെമറിച്ചും സംഭവിക്കുകയില്ല. പടിഞ്ഞാറോട്ട് സഞ്ചരിക്കുന്നവൻ പൂർവദേശത്തെത്താതിരിക്കുക അല്ലാഹുവിന്റെ നിയമമാണ്. അത്തരം പ്രകൃതിനിയമങ്ങൾ ലംഘിച്ചവരെയാണ് അല്ലാഹു വഴിതെറ്റിച്ചവർ എന്നു വിളിക്കുന്നത്. അവരെ നേർവഴിക്ക് നയിക്കാൻ ആർക്കും സാധ്യമല്ല. നേർമാർഗം പ്രാപിക്കാനാണ് അല്ലാഹു മനുഷ്യന് ബുദ്ധിയരുളിയിരിക്കുന്നത്. പക്ഷേ, അധികജനവും ബുദ്ധിയേക്കാളേറെ ആസക്തികളെയാണ് അവലംബിക്കുന്നത്. അല്ലാഹു അവരെ അവരുടെ ആസക്തികൾക്കു പിമ്പെ തന്നെ നടക്കാൻ വിടുന്നു. വെളിച്ചത്തിലേക്ക് സ്വയം കണ്ണു തുറന്നെങ്കിൽ അവർക്കു നല്ലത്. അതല്ലാതെ മറ്റാരാൾക്കും അവരെ സഹായിക്കാനാവില്ല -وَمَا لَهُم مِّن نَّاصِرِينَ. ●